(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ കമ്മീഷൻ

5 (*335) ശ്രീ. യു. എസ്. ശശി :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ കമ്മീഷൻ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ശുപാർശകൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) നിലവിലുള്ള സ്കെയിലിൽ 15 ശതമാനം ഫിറ്റ്മെന്റ് ആനുകൂല്യം നൽകുക. ഒരു വർഷത്തിനു ഒരു ശതമാനം നിരക്കിൽ പരമാവധി 12 ശതമാനം സർവ്വീസ് വെയിറ്റേജ് നൽകുക. 5 ശതമാനം നിരക്കിൽ പരമാവധി 600 രൂപ വരെ വീട്ടുവാടക അലവൻസ് നൽകുക. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സിറ്റികളുടെ പരിധിക്കുള്ളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള നിരക്കിൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് അനുവദിക്കുക, സർക്കാർ ജീവനക്കാർക്ക് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഹിൽട്രാക് അലവൻസ് നൽകുക, മെഡിക്കൽ അലവൻസ് 1000 രൂപയാക്കുക, കണ്ണട വാങ്ങുന്നതിനുള്ള അലവൻസ് നൽകുക, വാഷിംഗ് അലവൻസ്, റിങ്ക് അലവൻസ് അനുവദിക്കുക എന്നിവയാണ് പ്രധാനപ്പെട്ട ശുപാർശകൾ.

(സി) ശമ്പള പരിഷ്കരണ റിപ്പോർട്ടിൻമേൽ ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായും, മാനേജുമെന്റു പ്രതിനിധികളുമായും രണ്ടുവട്ടം സർക്കാർ ചർച്ചനടത്തി തീരുമാനം എടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച് ഉടനെ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly